**QP CODE: 19101210**

19101210

Reg No : .....................

Name : .....................

## B.Sc.DEGREE (CBCS) EXAMINATION, DECEMBER 2018

**First Semester**

(For B.Sc Model II Programmes)

**Common Course II - ML1CCT09 - MALAYALAM- KATHA, KAVITHA**

2017 Admission (Reappearance)

34B6DAB5

**Maximum Marks: 80** **Time: 3 Hours**

## പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.

1. കുറിപ്പെഴുതുക .' എം ടി വാസുദേവൻ നായർ '
2. എന്താണ് ഉത്തരാധുനികത? നിങ്ങൾ പഠിച്ച കഥകളെയും കവിതകളെയും ആസ്വദമാക്കി ഉപന്യസിക്കുക.
3. 'മടുപ്പു തോന്നുമ്പോൾ നാം കണ്ട വണ്ടികളിലെല്ലാം പിടിച്ചുകയറുന്നു. എത്രയെത്ര വണ്ടികൾ ?എങ്ങും എത്തുന്നുമില്ല 'വിശദമാക്കുക.
4. 'കഥയെ ചങ്ങല പോലെ ഭാവിയിലേക്ക് വലിക്കണം ' സന്ദർഭം എഴുതുക.
5. കഥാപാത്രനിരൂപണം നടത്തുക ' റുമാന '(കഥ : നൃത്തശാല - സിതാര എസ് )
6. 'നിർത്ത് ,മദീഹ അലറി. നൃത്തത്തെപ്പറ്റി നിങ്ങളെക്കാൾ നന്നായി എനിക്കറിയാം' മദീഹ ഇങ്ങനെ പ്രതികരിക്കാൻ കാരണമെന്ത് ?
7. കഥാപാത്രനിരൂപണം നടത്തുക - അനൂപ് ശിവപുരി (കഥ - ജാവേദ് എന്ന മുജാഹിദ്)
8. സാഹിത്യകാരപരിചയം നടത്തുക - കെ രേഖ
9. സാഹിത്യകാരപരിചയം നടത്തുക - 'ഇടശ്ശേരി '
10. 'ഗ്രഹജലം നക്ഷത്രം ,കുഴലിന്മേൽ കണ്ണാടി ' ഈ വരികൾക്ക് കാവ്യസന്ദർഭത്തിലുള്ള പ്രസക്തി എന്ത് ?
11. എല്ലാ മോഹവും ചാമ്പലായോ ?ചാരം നെറ്റിയിൽ ചൂടാറുണ്ടോ? ലക്ഷ്യാർത്ഥം എന്ത് ?
12. 'സ്റ്റുഡന്റ്സ് വാട്ടർ കളറി'ലെ പ്രമേയം എന്ത് ?

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.

13. ഷെർലക്ക് എന്ന കഥാനാമം പ്രമേയത്തോട് എത്രമാത്രം അനുരൂപപ്പെടുന്നു?
14. കഥാപാത്രനിരൂപണം നടത്തുക 'സിൽമാ എക്മൻ'
15. ഭ്രമാത്മകതയുടെ സൗന്ദര്യം പേറുന്ന കഥയാണ് 'മച്ചകത്തെ തച്ചൻ ' വിശകലനം ചെയ്യുക
16. 'പൊടുന്നനെ നിലത്തു കുത്തിയിരുന്നിട്ട് അയാൾ ആനയെപ്പോലെ തല കുമ്പിട്ടു. ഇരുചെവികളിലും പിടിച്ചുകൊണ്ട് യതി കഴുത്തിൽ കയറിയിരുന്നു.'സന്ദർഭം ഏത് ?

17. ജാവേദ് എന്ന മുജാഹിദ് 'ൽ 'ഷേഖ് ഇഖ്ബാൽ ഹസ്സൻ പറഞ്ഞ കഥ 'ചുരുക്കിയെഴുതുക

18. സാവിത്രി രാജീവൻ മലയാളകവിതാസാഹിത്യചരിത്രത്തിൽ അടയാളപ്പെടുത്തുന്നതെന്തെല്ലാം?

19. തോട്ടുവരമ്പിൽ വെയിലാറ്റി ഉടുക്കുന്നേരം കണ്ടെത്തിയൊരു ഖണ്ഡകാവ്യം - സൂചിതം എന്ത് ?

20. ഉത്തരാധുനികകവികളിൽ എ സി ശ്രീഹരിയുടെ സ്ഥാനം അടയാളപ്പെടുത്തുക.

21. ധർമസംസ്ഥാപനത്തിന്റെ സ്വപ്നാനുഭൂതി നുണയാൻ കാത്തിരിക്കുന്ന ജനതയുടെ ആത്മനഷ്ടം 'പോടാ മോനെ ദിനേശാ 'യിൽ എങ്ങനെ ഉൾച്ചേരുന്നു ?

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.

22. എന്താണ് ഫെമിനിസം? നിങ്ങൾ പഠിച്ചിട്ടുള്ള കഥകളെയും കവിതകളെയും ആസ്പദമാക്കി ചർച്ച ചെയ്യുക.

23. മലയാള ചെറുകഥാസാഹിത്യത്തിലെ സ്ത്രീവാദ ചിന്തകൾ കെ ആർ മീരയെ അടിസ്ഥാനമാക്കി ഉപന്യസിക്കുക.

24. എന്താണ് ഉത്തരാധുനികത? നിങ്ങൾ പഠിച്ചിട്ടുള്ള കഥകളെ ആസ്പദമാക്കി ചർച്ച ചെയ്യുക.

25. ഗ്രാമീണജീവിതത്തിന്റെ സങ്കടങ്ങൾ അതിന്റെ തീവ്രതയോടെ തിരിച്ചറിയുന്ന കവിയാണ് ഇടശ്ശേരി .'കറുത്ത ചെട്ടിച്ചികൾ ' എന്ന കാവ്യഭാഗം ഉദാഹരിച്ച് സമർത്ഥിക്കുക.

(2×15=30)